"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്തു വകുപ്പ്- പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ബിറ്റുമിൻ വിലയിൽ ഉണ്ടായ വർദ്ധനവ്- ആശ്വാസ നടപടികൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.39/2026/PWD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. കേന്ദ്ര റോഡ് ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം **1/4/2026** തീയതി പുറപ്പെടുവിച്ച **NH-24028/03/2026-H** നമ്പർ സർക്കുലർ.
2. കേന്ദ്ര റോഡ് ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം **17/04/2026** തീയതി പുറപ്പെടുവിച്ച **NH-24028/03/2026-H** നമ്പർ സർക്കുലർ.
3. ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റിയുടെ **23/05/2025** ലെ യോഗ നടപടിക്കുറിപ്പ്.
4. ചീഫ് എഞ്ചിനീയർ, ഭരണ വിഭാഗം **25/05/2026** തീയതി സമർപ്പിച്ച **CEPWD/8264/2026-AE(PL)-AD** നമ്പർ ശിപാർശ

<u>ഉത്തരവ്</u>

പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണത്തിന്റെ അവിഭാജ്യഘടകമായ ബിറ്റുമിന് ക്ഷാമം നേരിടുന്നതായും പരിമിതമായി മാത്രം ലഭ്യമാകുന്ന ബിറ്റുമിന് വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാൽ ഇതുമൂലം വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതായും ഏറ്റെടുത്ത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായും ആയതിനാൽ ബിറ്റുമിന്റെ അധിക വില കരാറുകാർക്ക് അനുവദിച്ചു നൽകണമെന്നും അപേക്ഷിച്ച് സർക്കാരിൽ വിവിധ നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടു.

**2)** നിർമ്മാണം പുരോഗമിക്കുന്ന പ്രവർത്തികളിൽ ക്രൂഡോയിലിന്റേയും

പെട്രോളിയം ഉൽപ്പന്നങ്ങളുടേയും വില വർദ്ധനവിന്റെ ആഘാതം ലഘുകരിക്കുന്നതിനും ബിറ്റുമിൻ വിലയിലെ അസാധാരണ വർദ്ധനവിന് ആശ്വാസ നടപടി എടുക്കുന്നതിനുമായി വില ക്രമീകരണം അനുവദിച്ചുകൊണ്ട് കേന്ദ്ര റോഡ് ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം പരാമർശം (1), പരാമർശം (2) എന്നിവ പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സമാനമായ വിലക്രമീകരണം സംസ്ഥാനത്തെ നിർമ്മാണ പ്രവൃത്തികൾക്കും ഏർപ്പെടുത്തുവാൻ സർക്കാരിൽ ശിപാർശ സമർപ്പിക്കുവാൻ പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റി തീരുമാനമെടുക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിട്ടുള്ള പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

എ) പശ്ചിമേഷ്യൻ യുദ്ധം Force Majeure ആയി കണക്കാക്കി, നിലവിലെ കരാറിൽ വിലവർദ്ധനവ് അനുവദിച്ചിട്ടില്ലാത്തതും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുൻപ് എന്ന് നിശ്ചയിച്ചിട്ടുള്ളതുമായ എല്ലാ കരാറുകൾക്കും പരാമർശം (2) സർക്കുലറിനു സമാനമായി ബിറ്റുമിൻ വില വ്യത്യാസം/വർദ്ധനവ് അനുവദിക്കുന്നു.

ബി) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുൻപ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക് 2026 ഏപ്രിൽ 1 മുതൽ 2026 ആഗസ്റ്റ് 31 വരെയുള്ള കാലയളവിലേക്ക് ബിറ്റുമിൻ വില വ്യത്യാസം ഓരോ മാസവും $\mathbf{V= Q(W_f - W_O)}$ എന്ന ഫോർമുല പ്രകാരം കണക്കാക്കി അനുവദിക്കുന്നു.

V- Excess price of bitumen for payment of work including Bituminous component.

Q- Quantity of Bitumen consumed as per actual consumption (not more than the approved Job Mix Formula)

$W_o$ - Market Price of Bitumen from nearest Public Sector Refinery as on 01.03.2026. (Per MT)

$W_f$- Price of bitumen from the nearest Public Sector Refinery as per the original invoice submitted by the contractor for the work done. (Per MT)

സി) ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ ബിറ്റുമിൻ വിലവ്യത്യാസം അനുവദിക്കുന്നതല്ല.

ഡി) കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ/ഇൻവോയിസുകൾ എന്നിവയുടെ ആധികാരികത ചീഫ് എഞ്ചിനീയർമാർ പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പു വരുത്തേണ്ടതും സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം തുക അനുവദിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3519310/I&PW-B2/45/2026-FIN തീയതി 19/6/2026)

പൊതുഭരണ (എസ്.സി) വകുപ്പ്(30/06/2026 ലെ തീരുമാനം നം.58)

അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എച്ച്2/118/2026/പി.ഡബ്ല്യൂ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Rose Mary Presilla
Date: 02-07-2026 17:08:20

സെക്ഷൻ ഓഫീസർ

ബഹു. പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ പി.എസ്
പൊതുമരാമത്തു വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-06-2026

ഫയൽ നം. പി.ഡബ്ല്യൂ.ഡി.-എച്ച്2/118/2026/പി.ഡബ്ല്യൂ.ഡി.  ഇനം നം : **58**

വിഷയം : പൊതുമരാമത്ത് വകുപ്പ് - ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി **2026** ഏപ്രിൽ ഒന്നിന് മുമ്പ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക്, **2026** ഏപ്രിൽ **1** മുതൽ **2026** ജൂൺ **30** വരെയുള്ള കാലയളവിൽ, ബിറ്റുമിൻ അധിക നിരക്ക്, ഓരോ മാസവും $V=Q(W_f-Wo)$ എന്ന ഫോർമുല പ്രകാരം കണക്കാക്കി, ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ വിലവ്യത്യാസം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കരാറുകാർക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ -

(1) അംഗീകരിച്ചു.

(2) "**2026** ജൂൺ **30** വരെ" എന്നത് "**2026** ആഗസ്റ്റ് **31** വരെ" എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**Government of Kerala**
**(Shri. V.D Satheesan Ministry)**

**Note for the Council of Ministers**

| | | |
|---|---|---|
| 1 | File No. | PWD-H2/118/2026-PWD |
| 2 | Department | Public Works (H) Department |
| 3 | Subject | Proposal to grant sanction for excess payment of Bitumen for work including Bituminous component to contractors every month for change in price of bitumen input in accordance with formula $V=Q(W_f- Wo)$ for the period from 1st April 2026 to 30th June 2026 for such contracts having last date of submission of tender before 01.04.2026, subject to the condition that Price excess shall not be admissible for items other than Bitumen and for works in which time of extension is granted with fine regarding. |
| 4 | Date of Chief Minister's order for placing before the Council | 19/06/2026 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note ? | Yes<br>Yes<br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | No<br>NA |
| 7 | Name of Additional Secretary who submitted the Draft Note | Sri. Vinod V.R |
| 8 | Name of Secretary who approved the Draft Note | Dr Adeela Abdulla |
| 9 | Date of approval of the Draft Note for the Council by the Special Secretary | 23/06/2026 |
| 10 | Name of Chief Secretary who approved the Draft Note | Dr A Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 23/06/2026 |
| 12 | Name of Minister who approved the Draft Note | Sri. P.K Basheer |
| 13 | Date of approval of the Draft Note for the Council by the Minister | 24/06/2026 |
| 14 | Date of submission of fair copies | 29/06/2026 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the Govt. Order/ letter communicating the decision | |

# Note for the Council of Ministers

This note refers to the proposal for excess payment of Bitumen for work including Bituminous component to contractors every month for change in price of bitumen input in accordance with formula $V=Q(W_f - Wo)$ for the period from 1st April 2026 to 30th June 2026 for such contracts having last date of submission of tender before 01.04.2026, subject to the condition that Price excess shall not be admissible for items other than Bitumen and for works in which time of extension is granted with fine.

2) The global war scenario has caused scarcity of bitumen, an essential component of road construction which lead to abnormal hike in bitumen prices causing great financial difficulties for contractors and making it difficult for them to complete the work undertaken on time. Therefore several representations were submitted before Government requesting to sanction the additional cost of bitumen to the contractors.

3) In order to mitigate the impact of the increase in prices of crude oil and petroleum products and as a measure of relief for abnormal increase in the prices of Bitumen price adjustment was sanctioned by MoRTH vide circular dated 01/04/2026 and 17/04/2026. In order to avail similar price adjustments to Construction works in the state, the Chief Engineers Committee as decided in its meeting dated 23/05/2026 , the Chief Engineer (Admin) submitted a proposal before the Government as below.

"The Chief Engineers opined that the proposal shall be submitted to the Government to allow excess price to bitumen for the period from 1st April 2026 to 30th June 2026 for such contracts having last date of submission of tender before 01.04.2026, as per the following formula

## Excess Rate of Bitumen for Work including Bituminous component

The excess payment of Bitumen for work including Bituminous component shall be made every month for change in price of bitumen input in accordance with formula given below .

$$V=Q(W_f - Wo)$$

**V- Excess price of bitumen for payment of work including Bituminous component.**
**Q- Quantity of Bitumen consumed as per actual consumption (not more than the approved Job Mix Formula)**

**Wo - Market Price of Bitumen from nearest Public Sector Refinery as on 01.03.2026. (Per MT)**

**$W_f$- Price of bitumen from the nearest Public Sector Refinery as per the original invoice submitted by the contractor for the work done.(Per MT)**

- Price excess shall not be admissible for items other than Bitumen.
- Price excess shall not be admissible for works in which time of extension is granted with fine."

4) Due to steep rise in the price of bitumen on April 2018 , G.O.(Rt.) No. 9386/2018/FIN dated 13/11/2018 has been issued by Government ordering to pay the price difference of bitumen to contractors . Modification orders are issued subsequently as per G.O.(Rt.) No. 2816/2020/FIN dated 17/04/2020, G.O.(Rt.)No. 5502/2020/FIN dated 25/09/2020 and G.O.(Rt.)No. 3815/2021/FIN dated 30/04/2021. As Comptroller & Auditor General has noted that since the contractors are bound to quote their rates after proper study of fluctuations in market rates of bitumen, allowing the price difference in bitumen subsequently does not

seem advisable, the Government had discontinued the provision for allowing price difference for bitumen as per G.O(P) No.96/2022/Fin dated 30/04/2021. The Government later clarified as per GO(P) No.63/2023/fin dated 26/06/2023 that the Government Orders granting price difference of bitumen will be applicable only to the works which are on going as on 1/11/2018.

5) The Opinion of Finance Department in this regard is as follows:

*"Administrative Department is requested to place the matter before the Council of Ministers .This has the approval of Hon'ble Chief Minister ."*

## Point for decision

1) Considering the west Asian War as Force majeure, can price variation/increase in bitumen be allowed for all contracts where no price increase is allowed in the existing contract and the last date for submission of tender is fixed before 1st April 2026, similar to the circular issued by the Ministry of Road Transport and Highways on 17/4/2026?

2) Whether price variation of bitumen for work including Bituminous component shall be made to the contractors for change in price of bitumen input in accordance with formula $V=Q(W_f - Wo)$ for the period from 1st April 2026 to 30th June 2026, for such contracts having last date of submission of tender before 01.04.2026, subject to the condition that Price variation shall not be admissible for items other than Bitumen and for works in which time of extension is granted with fine?

**കേരള സർക്കാർ**
**(ശ്രീ. വി.ഡി സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | പി.ഡബ്ല്യൂ.ഡി-എച്ച്2/118/2026-പി.ഡബ്ല്യൂ.ഡി |
| 2. | വകുപ്പ് | പൊതുമരാമത്ത് (എച്ച്) വകുപ്പ് |
| 3. | വിഷയം | ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുമ്പ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക്, 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെയുള്ള കാലയളവിൽ, ബിറ്റുമിൻ അധിക നിരക്ക്, ഓരോ മാസവും $V=Q(W_1- Wo)$ എന്ന ഫോർമുല പ്രകാരം കണക്കാക്കി , ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ വിലവ്യത്യാസം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കരാറുകാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/06/2026 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതേ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ബാധകമല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. വിനോദ്. വി.ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. അദീല അബ്ദുള്ള |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23/06/26 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/06/26 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. കെ ബഷീർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24/06/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29/06/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുമ്പ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക്, 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെയുള്ള കാലയളവിൽ, ബിറ്റുമിൻ അധിക നിരക്ക്, ഓരോ മാസവും $V=Q(W_f- Wo)$ എന്ന ഫോർമുല പ്രകാരം കണക്കാക്കി , ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോട്ടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ വിലവ്യത്യാസം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കരാറുകാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശയാണ് ഈ കുറിപ്പിലെ വിഷയം.

2) യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണത്തിന്റെ അവിഭാജ്യഘടകമായ ബിറ്റുമിന് ക്ഷാമം നേരിടുന്നതായും പരിമിതമായി മാത്രം ലഭ്യമാകുന്ന ബിറ്റുമിന് വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാൽ ഇതുമൂലം വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതായും ഏറ്റെടുത്ത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായും ആയതിനാൽ ബിറ്റുമിന്റെ അധിക വില കരാറുകാർക്ക് അനുവദിച്ചു നൽകണമെന്നും അപേക്ഷിച്ച് സർക്കാരിൽ വിവിധ നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടു.

3) നിർമ്മാണം പുരോഗമിക്കുന്ന പ്രവർത്തികളിൽ ക്രൂഡോയിലിന്റേയും പെട്രോളിയം ഉൽപ്പന്നങ്ങളുടേയും വില വർദ്ധനവിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ബിറ്റുമിൻ വിലയിലെ അസാധാരണ വർദ്ധനവിന് ആശ്വാസ നടപടി എടുക്കുന്നതിനുമായി വില ക്രമീകരണം അനുവദിച്ചുകൊണ്ട് 1/4/2026 ലും 17/4/2026 ലും കേന്ദ്ര റോഡ് ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും സമാനമായ വിലക്രമീകരണം സംസ്ഥാനത്തെ നിർമ്മാണ പ്രവൃത്തികൾക്കും ഏർപ്പെടുത്തുവാൻ സർക്കാരിൽ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റി 23/05/2026 തീയതിയിലെ മീറ്റിംഗിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ചുവടെ ചേർക്കും പ്രകാരം ശിപാർശ സമർപ്പിച്ചു.

"ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുൻപ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക്, 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെയുള്ള കാലയളവിൽ, ബിറ്റുമിൻ അധിക നിരക്ക് ഇനിപ്പറയുന്ന ഫോർമുല അനുസരിച്ച് നൽകുന്നതിന് സർക്കാരിൽ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റി തീരുമാനിച്ചു.

## ബിറ്റുമിൻ ഘടകം ഉൾപ്പെടുന്ന പ്രവൃത്തികൾക്കുള്ള ബിറ്റുമിൻ അധിക നിരക്ക്

ബിറ്റുമിനസ് ഘടകം ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് , ബിറ്റുമെൻ ഇൻപുട്ടിന്റെ വിലയിലെ മാറ്റത്തിന് അനുസരിച്ച് ബിറ്റുമിന്റെ അധിക വില എല്ലാ മാസവും താഴെ കൊടുത്തിരിക്കുന്ന ഫോർമുല അനുസരിച്ച് നൽകണം.

$$V=Q(W_f- Wo)$$

**V- Excess price of bitumen for payment of work including Bituminous component.**
**Q- Quantity of Bitumen consumed as per actual consumption (not more than the approved Job Mix Formula)**

**Wo - Market Price of Bitumen from nearest Public Sector Refinery as on 01.03.2026. (Per MT)**

**$W_f$ - Price of bitumen from the nearest Public Sector Refinery as per the original invoice submitted by the contractor for the work done.(Per MT)**

ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ ബിറ്റുമിൻ വിലവ്യത്യാസം അനുവദിക്കുന്നതല്ല."

4 ) 2018 ൽ ബിറ്റുമിൻ വിലയിൽ ഉണ്ടായ ക്രമാതീതമായ വർദ്ധനവിനെ തുടർന്ന് 1/11/2018 ൽ നടന്നുകൊണ്ടിരുന്ന പ്രവൃത്തികൾക്ക് ബിറ്റുമിൻ അധിക വില കരാറുകാർക്ക് നൽകുവാൻ അനുമതി നൽകി സ.ഉ (സാധാ) നം. 9386/2018/ധന തീയതി 13/11/2018 പുറപ്പെടുവിച്ചു . തുടർന്ന് പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി സ.ഉ (സാധാ)നം 2816/2020/ധന തീയതി 17/04/2020, സ.ഉ (സാധാ)നം 5502/2020/ധന തീയതി 25/09/2020, സ.ഉ(സാധാ) നം 3815/2021/ധന തീയതി 30/04/2021 എന്നീ സർക്കാർ ഉത്തരവുകൾ കൂടി പുറപ്പെടുവിച്ചിരുന്നു. ബിറ്റുമിന്റെ വിപണി നിരക്കുകളിലെ ഏറ്റക്കുറച്ചിലുകൾ കൃത്യമായി പഠിച്ച ശേഷം കരാറുകാർ അവരുടെ നിരക്കുകൾ ക്വോട്ട് ചെയ്യാൻ ബാധ്യസ്ഥരാണ് എന്നിരിക്കേ , ബിറ്റുമിന്റെ വില വ്യത്യാസം പിന്നീട് നൽകുന്നത് അഭികാമ്യമല്ലെന്ന് സി & എ.ജിയുടെ അഭിപ്രായത്തെ തുടർന്ന് ബിറ്റുമിൻ വിലവ്യത്യാസം അനുവദിക്കുന്നത് നിർത്തൽ ചെയ്ത് ധനകാര്യ വകുപ്പ് 26/08/2022 ൽ സ.ഉ (പി) നം. 96/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബിറ്റുമിൻ വിലവ്യത്യാസം അനുവദിച്ച സർക്കാർ ഉത്തരവുകൾ 1/11/2018 ൽ തുടർന്നു കൊണ്ടിരുന്ന പ്രവർത്തികൾക്ക് മാത്രമാണ് ബാധകമാകുന്നത് എന്ന് വ്യക്തത വരുത്തി 26/06/2023 ൽ സ.ഉ (പി) നം. 63/2023/ധന പുറപ്പെടുവിച്ചിട്ടുണ്ട്.

5) ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റിയുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ധനകാര്യ വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

*"Administrative Department is requested to place the matter before the Council of Ministers .This has the approval of Hon'ble Chief Minister ."*

# തീരുമാനിക്കേണ്ട വിഷയം

1) Force majeure ക്ലോസ് ആയി പശ്ചിമേഷ്യൻ യുദ്ധത്തിനെ കണ്ട്, നിലവിലെ കരാറിൽ വിലവർദ്ധനവ് അനുവദിച്ചിട്ടില്ലാത്തതും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുൻപ് എന്ന് നിശ്ചയിച്ചിട്ടുള്ള എല്ലാ കരാറുകൾക്കും , 17/4/2026 ൽ കേന്ദ്ര റോഡ് ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലറിന് സമാനമായി ബിറ്റുമിൻ വിലവ്യത്യാസം/വർദ്ധനവ് അനുവദിക്കാവുന്നതാണോ?

2) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ ഒന്നിന് മുമ്പ് എന്ന് നിശ്ചയിച്ചിട്ടുള്ള കരാറുകൾക്ക് 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെയുള്ള കാലയളവിൽ, ബിറ്റുമിൻ വില വ്യത്യാസം ഓരോ മാസവും $V=Q(W_f- Wo)$ എന്ന ഫോർമുല പ്രകാരം കണക്കാക്കി , ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ ഘടകങ്ങൾക്കോ പിഴയോട്ടു കൂടി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ കരാറുകൾക്കോ വിലവ്യത്യാസം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കരാറുകാർക്ക് നൽകുന്നത് അനുവദിക്കാവുന്നതാണോ?